**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2747** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഐശ്വര്യ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതികളിലെ സമഗ്ര വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് പുതുതായി ആവിഷ്കരിച്ച ഐശ്വര്യ ഗ്രാമം പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി; വ്യക്തമാക്കാമോ; | (എ) | ഐശ്വര്യ ഗ്രാമം പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഓരോ മണ്ഡലത്തിലും ഈ പദ്ധതി പ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഐശ്വര്യ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമങ്ങളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികൾക്ക് മുൻഗണന നൽകുന്നു.<br>1. സുരക്ഷിതമായ കുടിവെള്ളം<br>2. വൈദ്യുതി<br>3. മാലിന്യ നിർമ്മാർജനം<br>4. റോഡ് കണക്റ്റിവിറ്റി<br>5. ശുചിത്വ സൗകര്യങ്ങൾ<br>6. ഇന്റർനെറ്റ് കണക്റ്റിവിറ്റി<br>7. നഗറുകളിലെ പഴക്കമുള്ള വീടുകളുടെ അടിയന്തിര അറ്റകുറ്റ പണി/ അടുക്കള നവീകരണം (സേഫ് പദ്ധതി മാർഗ്ഗരേഖ പ്രകാരം)<br>8. വീടുകളുടെ/നഗറുകളുടെ സംരക്ഷണഭിത്തി (അപടാവസ്ഥയിലുള്ള സ്ഥിതിയിൽ മാത്രം)<br>9. നഗറുകൾക്കുള്ളിലെ പരമ്പരാഗത ആരാധനാ ഇടങ്ങളുടെ പുനരുദ്ധാരണം |
| (സി) | ഐശ്വര്യ ഗ്രാമം പദ്ധതിക്ക് സംസ്ഥാനത്ത് മൊത്തം ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഐശ്വര്യ ഗ്രാമം പദ്ധതിക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ